# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 476 02.12.2014-ലെ മറുപടിക്ക്

## സാമ്പത്തിക സ്ഥിതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.എസ്. സലീഖ | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| | | |
|---|---|---|
| (എ) | സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി എന്താണ് എന്നു വ്യക്തമാക്കുമോ ; | അക്കൗണ്ടന്റ് ജനറലിന്റെ 2014 സെപ്റ്റംബർ 30 വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 26263.79 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ലഭിച്ച 22001.66 കോടി രൂപയേക്കാൾ 19.37% കൂടുതലാണ്. ഇതേ കാലയളവിൽ റവന്യൂ ചെലവ് 33040.77 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ചെലവായ 24123.31 കോടി രൂപയേക്കാൾ 36.96% കൂടുതലാണ്. 2014 സെപ്റ്റംബർ 30 വരെയുള്ള മൂലധനച്ചെലവ് (വായ്പകളും മുൻകൂറുകളും ഉൾപ്പെടെ) 1771.95 കോടി രൂപയാണ്. റിസർവ് ബാങ്കിന്റെ കണക്കുകൾ പ്രകാരം 30.11.2014 ൽ ട്രഷറി ബില്ലുകളിലായി 706.32 കോടി രൂപ നിക്ഷേപമുണ്ട്. നിലവിൽ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയില്ല. |

<table>
<tr>
<td>(ബി)</td>
<td>സർക്കാർ നടപ്പു സാമ്പത്തിക വർഷം ഫിനാൻസ് ബില്ലിൽ ഉൾപ്പെടുത്തി നികുതി പിരിവ് നടത്തി വരവെ ഏതെല്ലാം നികുതി വർദ്ധനവ് ഓർഡിനൻസുകൾ വഴിയും മറ്റ് സർക്കാർ ഉത്തരവുകൾ വഴിയും പിരിച്ചെടുക്കുവാൻ നടപടികൾ സ്വീകരിച്ചു ; ഇനം തിരിച്ച് വിശദാംശങ്ങൾ വ്യക്തമാക്കുമോ ;</td>
<td>നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ തരം മദ്യം, വൈൻ, ബിയർ, സിഗററ്റ് എന്നിവയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. പെട്രോളിയം ഉൽപന്നങ്ങളുടെ വിലകുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. 19.09.2014 ലെ സ.ഉ. (പി) നം. 409/2014/ധന പ്രകാരം നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ-ആരോഗ്യ വകുപ്പുകൾ ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്. 10.11.2014 ലെ സ.ഉ. (പി) നം. 482/2014/ധന പ്രകാരം നികുതി കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധി രഹിത സ്റ്റേകളും പിൻവലിച്ചു. 25.09.2014 ലെ സ.ഉ. (എം.എസ്) നം. 88/2014/WRD പ്രകാരം വാട്ടർ ചാർജ്ജ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.</td>
</tr>
<tr>
<td>(സി)</td>
<td>ഇത്തരം ഓർഡിനൻസുകൾ വഴിയും, മറ്റു സർക്കാർ ഉത്തരവുകൾ വഴിയും എത്ര കോടി രൂപയുടെ അധിക നികുതി പൊതുജനങ്ങളിൽ നിന്നും പിരിച്ചെടുക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ?</td>
<td>തീരുമാനങ്ങളുടെ ഫലമായി പ്രതീക്ഷിക്കുന്ന അധിക വരുമാനം ചുവടെ കൊടുത്തിരിക്കുന്നു.
<table>
<tr><th>ഇനം</th><th>തുക (കോടിയിൽ)</th></tr>
<tr><td>ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്മേലുള്ള നികുതി</td><td>1130</td></tr>
<tr><td>വൈൻ, ബിയർ</td><td>100</td></tr>
<tr><td>സിഗററ്റ്</td><td>264</td></tr>
<tr><td>ഭൂനികുതി</td><td>78</td></tr>
<tr><td>തോട്ടം നികുതി</td><td>3</td></tr>
<tr><td>പെട്രോൾ, ഡീസൽ വില റവന്യൂ ന്യൂട്രലാക്കിയത് മൂലം</td><td>112</td></tr>
<tr><td>ഭൂമിയുടെ ന്യായവില പുനർനിർണ്ണയം</td><td>520</td></tr>
</table></td>
</tr>
<tr>
<td>(ഡി)</td>
<td>2011 മാർച്ചിൽ ട്രഷറികളിലെ നീക്കി ഇരുപ്പ് തുക എത്ര എന്നും 2012 മാർച്ച് 31, 2013 മാർച്ച് 31, 2014 മാർച്ച് 31, 2014 ഒക്ടോബർ 31 എന്നീ ദിവസങ്ങളിലെ നീക്കിയിരിപ്പ് തുക എത്രയെന്നും വ്യക്തമാക്കുമോ ;</td>
<td><table>
<tr><th>വർഷം</th><th>തുക (കോടിയിൽ)</th></tr>
<tr><td>2011 മാർച്ച് 31</td><td>3513.72</td></tr>
<tr><td>2012 മാർച്ച് 31</td><td>2711.17</td></tr>
<tr><td>2013 മാർച്ച് 31</td><td>3200.77</td></tr>
<tr><td>2014 മാർച്ച് 31</td><td>758.56</td></tr>
<tr><td>2014 ഒക്ടോബർ 31</td><td>1302.65</td></tr>
</table></td>
</tr>
</table>

| | | |
|---|---|---|
| (ഇ) | സാമ്പത്തിക പ്രതിസന്ധി മറികടക്കാനായി മുഖ്യമന്ത്രി ഉൾപ്പെടെയുള്ള കാബിനറ്റ് റാങ്കുള്ളവർ എത്ര തുക സർക്കാരിന് തിരിച്ചു നൽകാൻ തീരുമാനിച്ചുവെന്നും ആയതു പ്രകാരം നാളിതുവരെ എത്ര തുക സർക്കാരിന് നൽകിയെന്നും വ്യക്തമാക്കുമോ ; | വിവരം ശേഖരിച്ചുവരുന്നു. |
| (എഫ്) | പ്രസ്തുത തീരുമാനം മുഖ്യമന്ത്രി ഉൾപ്പെടെയുള്ള കാബിനറ്റ് റാങ്കുള്ളവർ എടുത്തതിനുശേഷം പ്രസ്തുത വ്യക്തികൾ ഓരോരുത്തരും വിദേശ യാത്ര, പുതിയ കാറുകൾ, യാത്രപ്പടി, വീടുകളുടെ അറ്റകുറ്റപ്പണി എന്നിവയ്ക്കായി സംസ്ഥാന ഖജനാവിൽ നിന്നും എത്ര തുക വീതം കൈപ്പറ്റിയെന്ന് വ്യക്തമാക്കുമോ ? | വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ